**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3392** **21-12-2012 - ലെ മറുപടിയ്ക്ക്**

# കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകരയിലെ പാടശേഖരങ്ങളുടെ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജി ൽ ഉൾപ്പെടുത്തി ഓണാട്ടുകരയിലെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ; | (എ) & (ബി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകരയിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായിട്ടുള്ള 248.39 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അമ്മൻചേരി, TA കനാൽ North, പുതുച്ചിറ, വള്ളിക്കുന്നം, പൂവത്തൂർ, TA കനാൽ South, തഴക്കര, പെരുവേലിച്ചാൽ, കരിങ്ങാലിച്ചാൽ, കരിപ്പുഴ, തഴവയിൽ, വെറ്റിക്കോട് എന്നീ 12 നീർത്തടങ്ങളുടെ സംരക്ഷണമാണ് ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) | എത്ര കോടി രൂപയാണ് ഇതിനായി വക കൊളളിച്ചിട്ടുളളത് ; വ്യക്തമാക്കുമോ ; | | |
| (സി) | ഏതെല്ലാം പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | ടി പദ്ധതിയിൽ ഉൾപ്പെട്ട 12 പ്രവൃത്തികളിൽ 7 പ്രവൃത്തികളാണ് ടെൻഡർ ചെയ്തിട്ടുള്ളത്. അമ്മൻചേരി, TA കനാൽ North, പുതുച്ചിറ, വള്ളിക്കുന്നം, പൂവത്തൂർ, TA കനാൽ South, തഴക്കര എന്നിവയുടെ വർക്കുകൾക്ക് ടെൻഡർ ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | മണ്ണ് സംരക്ഷണ വകുപ്പ് വഴി എത്ര പൊതു കുളങ്ങളുടെ നവീകരണമാണ് നടക്കുന്നത്; വിശദമാക്കുമോ ; | (ഡി) | കുട്ടനാട് പാക്കേജിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 170 പൊതുകുളങ്ങളുടെ നവീകരണത്തിനുള്ള അംഗീകാരമാണ് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് ലഭിച്ചിട്ടുള്ളത്. ഇതിൽ 109 കുളങ്ങൾ ആലപ്പുഴ ജില്ലയിലും 7 കുളങ്ങൾ പത്തനംതിട്ട ജില്ലയിലും 54 കുളങ്ങൾ കോട്ടയം ജില്ലയിലുമാണുള്ളത്. 2011-12 വർഷത്തേയ്ക്ക് അനുവദിച്ച |

പദ്ധതിയ്ക്ക് ഫണ്ട് ലഭ്യമായത് 12-03-12 ലാണ്. ഈ പ്രവർത്തനങ്ങളാണ് ഇപ്പോൾ ഫീൽഡ് തലത്തിൽ നടപ്പിലാക്കി വരുന്നത്.

2011-12 സാമ്പത്തിക വർഷത്തേയ്ക്ക് ആലപ്പുഴ ജില്ലയിലെ 15 കുളങ്ങളുടെയും പത്തനംതിട്ട ജില്ലയിലെ 7 കുളങ്ങളുടെയും കോട്ടയം ജില്ലയിലെ 11 കുളങ്ങളുടെയും നവീകരണത്തിനായി 172.24 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ആലപ്പുഴ ജില്ലയിൽ 12 കുളങ്ങളുടെയും കോട്ടയം ജില്ലയിൽ 7 കുളങ്ങളുടെയും പത്തനംതിട്ട ജില്ലയിൽ 1 കുളത്തിന്റെയും നവീകരണം പൂർത്തിയായിട്ടുണ്ട്. ഇതിലേയ്ക്കായി ആകെ 92.78 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) രണ്ടാം ഘട്ടത്തിൽ ഏതെല്ലാം പൊതുകുളങ്ങളുടെ പുനരുദ്ധാരണമാണ് പരിഗണനയിലുള്ളത്; നിലവിലുള്ള ഇതിന്റെ അവസ്ഥ വിശദമാക്കുമോ?

(ഇ) രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മിഷന്റെ സാമ്പത്തിക സഹായത്തിനായി ആലപ്പുഴ ജില്ലയിലെ 210 കുളങ്ങളും പത്തനംതിട്ട ജില്ലയിലെ 13 കുളങ്ങളും കോട്ടയം ജില്ലയിലെ 20 കുളങ്ങളും ഉൾപ്പെട്ട ആകെ 248 പൊതുകുളങ്ങളുടെ നവീകരണത്തിനായുള്ള പദ്ധതികൾ മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുളങ്ങളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ